**File No.LSGD-FM2/204/2019-LSGD**

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - മുപ്പത്തിരണ്ടാമത് തിരൂർ സബ് ജില്ലാ സ്കൂൾ കലോത്സവത്തിന്റെ ചെലവിലേയ്ക്കായി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ടിൽ നിന്നും സംഭാവന നൽകുന്നതിനുള്ള യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (എഫ്.എം.) വകുപ്പ്**

---

**സ.ഉ.(സാധാ) നം.2607/2019/ത.സ്വ.ഭ.വ** തിരുവനന്തപുരം,
**തീയതി,19/11/2019**

---

പരാമർശം:- തിരൂർ സബ് ജില്ലാ സ്കൂൾ കലോത്സവ സംഘാടക സമിതി ജനറൽ കൺവീനറുടെ 15/10/2019,1/11/2019 തീയതികളിലെ കത്തുകൾ.

**ഉത്തരവ്**

2019 നവംബർ 3 മുതൽ 6 വരെ മലപ്പുറം ജില്ലയിൽ തിരൂർ ഗവൺമെൻറ് ബോയ്സ് ഹയർ സെക്കൻഡറി സ്കൂളിൽ വെച്ച് നടക്കുന്ന മുപ്പത്തിരണ്ടാമത് തിരൂർ സബ് ജില്ലാ സ്കൂൾ കലോത്സവത്തിന് ഉണ്ടാകുന്ന സാമ്പത്തിക ചെലവ് നേരിടുന്നതിനായി തിരൂർ മുനിസിപ്പാലിറ്റി 50,000/- രൂപയും സമീപത്തുള്ള 6 ഗ്രാമപഞ്ചായത്തുകളിൽ നിന്ന് 25,000/- രൂപ വീതവും അനുവദിക്കുന്നതിന് അനുമതി നൽകണമെന്ന് സംഘാടക സമിതി ജനറൽ കൺവീനർ പരാമർശ കത്തുകൾ പ്രകാരം ആവശ്യപ്പെട്ടിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2019 നവംബർ മൂന്നു മുതൽ ആറു വരെ മലപ്പുറം ജില്ലയിലെ തിരൂർ ഗവൺമെൻറ് ബോയ്സ് ഹയർസെക്കൻഡറി സ്കൂളിൽ വെച്ച് നടന്ന മുപ്പത്തിരണ്ടാമത് തിരൂർ സബ് ജില്ലാ സ്കൂൾ കലോത്സവത്തിന്റെ ചെലവിലേയ്ക്കായി തിരൂർ മുനിസിപ്പാലിറ്റിയിൽ നിന്നും 50,000/- രൂപയും (അമ്പതിനായിരം രൂപ), സമീപത്തുള്ള ഗ്രാമപഞ്ചായത്തുകളായ പുറത്തൂർ, മംഗലം, തൃപ്രങ്ങോട്, തലക്കാട്, തിരുനാവായ, വെട്ടം എന്നിവിടങ്ങളിൽ നിന്നും 25,000/- രൂപ (ഇരുപത്തയ്യായിരം രൂപ) വീതവും, അതാത് തദ്ദേശ സ്ഥാപനങ്ങളുടെ തനതു ഫണ്ടിൽനിന്ന്, കമ്മിറ്റി തീരുമാനത്തിന് വിധേയമായി സംഭാവന നൽകുന്നതിനുള്ള യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)

**ബീനമോൾ കെ ജെ**

**ഡെപ്യൂട്ടിസെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

ജനറൽ കൺവീനർ , തിരൂർ സബ് ജില്ലാ കലോത്സവ സംഘാടക സമിതി

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം

സെക്രട്ടറി,ബന്ധപ്പെട്ട ഗ്രാമ പഞ്ചായത്തുകൾ(പകർപ്പ് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമലപ്പുറം മുഖേന

)

സെക്രട്ടറി,തിരൂർ മുനിസിപ്പാലിറ്റി(പകർപ്പ് നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം മുഖേന )

ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എൽ ബി എ & എ) കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ചെയർമാൻ/ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ